# കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ അഡീഷണൽ രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്.

**(ഹാജർ : പാർവ്വതി നായർ. കെ.എൽ)**

RCS/03/2026-EB(1) **തിരുവനന്തപുരം, തീയതി:** .25-02-2026

വിഷയം:- സഹകരണ വകുപ്പ് – ജീവനക്കാര്യം – സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ / ജോയിന്റ് ഡയറക്ടർ തസ്തികയിലേയ്ക്കുള്ള സ്ഥലം മാറ്റം - സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചുമതല കൈമാറുന്നതിനും, ഏറ്റെടുക്കുന്നതിനും നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

പരാമർശം:- 1.സർക്കാരിന്റെ 21/02/2026 തീയതിയിലെ സ.ഉ. (സാധാ) നമ്പർ 83/2026/Co-op നമ്പർ ഉത്തരവ്.

മേൽ പരാമർശം പ്രകാരം ചുവടെ പേരു പറയുന്ന ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർമാർക്ക് സ്ഥലം മാറ്റം നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത മാറ്റത്തോടനുബന്ധിച്ച് ടി ഉദ്യോഗസ്ഥൻ വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറുന്നതിനും, നിയമിക്കപ്പെട്ട തസ്തികയുടെ ചുമതല ഏറ്റെടുക്കുന്നതിനും നിർദ്ദേശം നൽകി ചുവടെ പറയും പ്രകാരം ഉത്തരവാകുന്നു.

| ക്രമ നം | പേരും, നിലവിലുള്ള തസ്തികയും | സ്ഥലം മാറ്റം നൽകി നിയമിച്ച തസ്തിക |
|---|---|---|
| 1 | ശ്രീമതി.എം.പി. സുജാത (PEN No.183621), സഹകരണ ആഡിറ്റ് ജോയിന്റ് ഡയറക്ടർ പത്തനംതിട്ട. | സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ), പത്തനംതിട്ട. |
| 2 | ശ്രീമതി. ബിന്ദു.എസ്.(PEN.183490) ജോയിന്റ് രജിസ്ട്രാർ (ജനറൽ), പത്തനംതിട്ട. | സഹകരണ ആഡിറ്റ് ജോയിന്റ് ഡയറക്ടർ പത്തനംതിട്ട. |
| 3 | ശ്രീ. സുനിൽ കുമാർ.പി (PEN.183405) സഹകരണ ആഡിറ്റ് ജോയിന്റ് ഡയറക്ടർ, ആലപ്പുഴ. | സഹകരണ ആഡിറ്റ് ജോയിന്റ് ഡയറക്ടർ, ഇടുക്കി. |

മേൽ സ്ഥലമാറ്റത്തോടനുബന്ധിച്ച് ടി ഉദ്യോഗസ്ഥർ വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറുന്നതിനും, നിയമിക്കപ്പെട്ട തസ്തികയുടെ ചുമതല ഏറ്റെടുക്കുന്നതിനും നിർദ്ദേശം നൽകി ചുവടെ പറയും പ്രകാരം ഉത്തരവാകുന്നു.

| ക്രമ നം | പേരും, നിലവിലുള്ള തസ്തികയും | നിലവിലുള്ള തസ്തികയുടെ ചുമതല കൈമാറ്റം ചെയ്യപ്പെടേണ്ട ഉദ്യോഗസ്ഥൻ | പുതിയ തസ്തികയുടെ ചുമതല നൽകേണ്ട ഓഫീസർ |
|---|---|---|---|
| 1 | ശ്രീമതി.എം.പി. സുജാത (PEN No.183621), സഹകരണ ആഡിറ്റ് ജോയിന്റ് ഡയറക്ടർ പത്തനംതിട്ട. | പത്തനംതിട്ട സഹകരണ ആഡിറ്റ് ജോയിന്റ് ഡയറക്ടർ തസ്തികയുടെ ചുമതല അധിക ചുമതലയായി വഹിക്കേണ്ടതാണ്. | നിലവിൽ അധിക ചുമതല വഹിക്കുന്ന പത്തനംതിട്ട ജോയിന്റ് രജിസ്ട്രാർ (ജനറൽ) തസ്തികയുടെ പൂർണ്ണ ചുമതല ഏറ്റെടുക്കേണ്ടതാണ്. |
| 2 | ശ്രീമതി.ബിന്ദു.എസ്. (PEN.183490) ജോയിന്റ് രജിസ്ട്രാർ (ജനറൽ), പത്തനംതിട്ട. | അവധിയിൽ ആയതിനാൽ ചുമതല കൈമാറ്റം ചെയ്തിട്ടുണ്ട്. | ശ്രീമതി.എം.പി. സുജാത, സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ), പത്തനംതിട്ട. |
| 3 | ശ്രീ. സുനിൽ കുമാർ.പി (PEN.183405) സഹകരണ ആഡിറ്റ് ജോയിന്റ് ഡയറക്ടർ, ആലപ്പുഴ. | സഹകരണ ആഡിറ്റ് ജോയിന്റ് ഡയറക്ടർ, ആലപ്പുഴയുടെ ചുമതല സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആലപ്പുഴയ്ക്ക് നൽകേണ്ടതാണ്. | നിലവിൽ അധിക ചുമതല വഹിക്കുന്ന സഹകരണ ആഡിറ്റ് ജോയിന്റ് ഡയറക്ടർ, ഇടുക്കിയുടെ പൂർണ്ണ ചുമതല ഏറ്റെടുക്കേണ്ടതാണ്. |

ഈ ഉത്തരവിന് അടിയന്തിര പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

ടി ഓഫീസർ വഹിച്ചു വരുന്ന തസ്തികയ്ക്ക് പുറമെ മറ്റേതെങ്കിലും തസ്തികയുടെ ചുമതല അധിക ചുമതലയായി വഹിച്ചു വരുകയാണെങ്കിൽ ആയതിന്റെ ചുമതല കൂടി വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറുന്നതിനോടൊപ്പം കൈമാറേണ്ടതാണ്.

ബന്ധപ്പെട്ട ഓഫീസർ ചുമതല കൈമാറിയതിന്റെയും, ഏറ്റെടുത്തതിന്റെയും ചുമതലാ

കൈമാറ്റ റിപ്പോർട്ട് യഥാസമയം സർക്കാരിന്റെ 22/08/2025 തീയതിയിലെ 63/2025/ധന നമ്പർ സർക്കുലർ പ്രകാരം ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ആയതിന്റെ പകർപ്പ് ഈ ആഫീസിലേക്ക് കൃത്യമായി അയയ്ക്കേണ്ടതാണ്.

(ഒപ്പ്)

**പാർവതി നായർ.കെ.എൽ.**

**സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ (ജനറൽ)**

വ്യക്തികൾക്ക്: (നിയന്ത്രണ ഉദ്യോഗസ്ഥൻ മുഖേന)

പകർപ്പ്:-

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. ഗവൺമെന്റ് സെക്രട്ടറി, സഹകരണ (എ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്,
4. സഹകരണ ആഡിറ്റ് ഡയറക്ടർ, ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം,
5. ബന്ധപെട്ട ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്ക്,
6. ബന്ധപെട്ട ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്ക്,
7. ബന്ധപ്പെട്ട ജില്ലാ ട്രഷറി ആഫീസർമാർക്ക്,
8. സ്റ്റോക്ക് ഫയൽ/സ്പെയർ.

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.ബി)



File No. RCS/3/2026-EB(1) (Computer No. 642943)
Generated from eOffice by ANSAR A S, EB (1) RCS CO OP, EB(1) RCS COOP, DEPARTMENT OF CO-OPERATION on 25/02/2026 01:24 PM